(സി) 2014-15 വർഷത്തിൽ കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് എല്ലാ വിഭാഗത്തിലും 70,000 രൂപയാണ്. എന്നാൽ ഇത് സംസ്ഥാന സർക്കാർ എസ്.സി./ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയും എസ്.റ്റി. വിഭാഗത്തിന് 2.5 ലക്ഷം രൂപയും നൽകിവരുന്നു. 2014-15 വർഷം തുകയൊന്നും വർദ്ധിപ്പിച്ചിട്ടില്ല.

(ഡി) കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റായ 70,000 രൂപയിൽ 17,500 രൂപ സംസ്ഥാന വിഹിതമാണ്. കൂടാതെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷവും 2.5 ലക്ഷവുമായി വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക ബാധ്യതയിൽ 50,000 രൂപ സർക്കാർ വഹിക്കുന്നുണ്ട്. ബാക്കിയുള്ള തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിലാണ് നൽകുന്നത്.

ഹാഡ നടപ്പിലാക്കുന്ന വർക്കുകൾ

27 (7324) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോങ്ങാട് മണ്ഡലത്തിൽ 'ഹാഡ'യിൽനിന്നും ഏതെല്ലാം വർക്കുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്നുള്ള വിശദവിവരം നൽകുമോ ; ഇപ്രകാരം അംഗീകാരം നൽകിയ വർക്കുകൾക്ക് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കരിമ്പ ഗ്രാമപഞ്ചായത്തിലെ മുടിക്കൽ കണ്ടം-പാത്തിപ്പാലം തോട് ചെക്ക്ഡാം, തുപ്പനാട് റിവർ - വെട്ടം വാലിക്കോട് ഏരിയ ചെക്ക്ഡാം, കരിമ്പിൻ തോട് യൂണിയൻ കടവ് ചെക്ക്ഡാം, മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിലെ പഴം പച്ചക്കറി വികസന പദ്ധതി എന്നിവയാണ് ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേന കോങ്ങാട് മണ്ഡലത്തിൽ അംഗീകാരം നൽകിയ പദ്ധതികൾ. ആയതിൽ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിലെ പഴം പച്ചക്കറി വികസന പദ്ധതിക്ക് 26.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ഹിൽ ഏരിയ ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെട്ട കൊടുവള്ളി മണ്ഡലത്തിലെ പഞ്ചായത്തുകൾ

28 (7325) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഏരിയ ഡെവലപ്മെന്റ് പദ്ധതിയിൽ കൊടുവള്ളി മണ്ഡലത്തിലെ എത്ര പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും ഈ പഞ്ചായത്തുകളിൽ ഇത് സംബന്ധമായ എന്തെങ്കിലും പ്രവൃത്തി നടക്കുന്നുണ്ടോയെന്നും വിശദമാക്കുമോ ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2014-15 വർഷത്തേക്കുള്ള പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊടുവള്ളി മണ്ഡലത്തിലെ താമരശ്ശേരി, കൊടുവള്ളി, കിഴക്കോത്ത്, മടവൂർ, നരിക്കുനി, ഓമശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളാണ് ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിയുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഒന്നാംഘട്ടമെന്ന നിലയിൽ താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിവഴിയായി പ്രവൃത്തികൾ നടക്കുന്നുണ്ട്.

(ബി) ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി, റോഡ് പുനരുദ്ധാരണ പദ്ധതി, പഴം പച്ചക്കറി വികസന പദ്ധതി എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്.

(സി) ഉണ്ട്.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി നടപ്പിലാക്കുന്ന പദ്ധതികൾ

29 (7326) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച പുരോഗതി വിശദമാക്കാമോ ;

(ബി) ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇനിയും എത്രയെണ്ണം പൂർത്തിയാക്കാനുണ്ടെന്ന് പദ്ധതിയുടെ പേര് സഹിതം വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിൽ താഴെ പറയുന്ന 2 പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. പഴം പച്ചക്കറി വികസന പദ്ധതി - കാഞ്ഞങ്ങാട് ബ്ലോക്ക് - 26 ലക്ഷം.
2. പഴം പച്ചക്കറി വികസന പദ്ധതി - പരപ്പ ബ്ലോക്ക് - 26 ലക്ഷം പദ്ധതികൾ

രണ്ടും പൂർത്തീകരിച്ചിട്ടില്ല.

(ഡി) കാഞ്ഞങ്ങാട് ബ്ലോക്കിലെ പഴം പച്ചക്കറി വികസന പദ്ധതി 31-12-2014-നുള്ളിലും പരപ്പ ബ്ലോക്കിലെ പഴം പച്ചക്കറി വികസന പദ്ധതി 30-11-2014-നുള്ളിലും പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly